കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# വല്ലച്ചിറ ഗ്രാമ പഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
**Email: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി2)1213/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680 020

ഫോൺ 0487-2331249
Email: dotsr.ksad@kerala.gov.in
തീയതി: 29.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വല്ലച്ചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വല്ലച്ചിറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രംസഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി2)1213/2017 തീയതി: 29.07.2017

## തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 15.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, എന്നിവയും 31/3/2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ പരിഗണിച്ചതിനുശേഷം ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ**

| | |
|---|---|
| ശ്രീ. കെ.യു. ചേക്കുട്ടി | ഡെപ്യൂട്ടി ഡയറക്ടർ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.അൻവർ അലി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.പ്രശാന്ത് ടി.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| 3 | ശ്രീ.സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.സ്റ്റാൻലി.പി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ഓഡിറ്റിന് നടത്തിയ കാലയളവ് | 17.07.2017 മുതൽ 22.07.2017 വരെ |

## നിർവ്വഹണാധികാരികൾ

### പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി. സോഫി ഫ്രാൻസിസ് | 01.04.2016 മുതൽ 31.03.2017 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീമതി പി.ഉമ ഉണ്ണികൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ജിൻസി എം.ജെ | 01.04.2016 - 31.03.2017 |
| | | |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഉണ്ണിരാജൻ | 01.04.2016 - 21.07.2016 |
| | ശ്രീമതി.സൂസമ്മ ജോർജ്ജ് | 21.07.2016 – 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീലത കെ.ബി | 01.04.2016 -31.03.2017 |
| വി.ഇ.ഒ.വല്ലച്ചിറ | ശ്രീ.അബ്ദുൾ കരീം | 01.04.2016 – 31.03.2017 |
| വി.ഇ.ഒ. ആറാട്ടുപുഴ | രഞ്ജിത്ത് കെ.ആർ | 01.04.2016 – 31.03.2016 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ. ദീപ പി.ഡി | 01.04.2016 - 25.04.2016 |
| | ഡോ. സിന്ധു കൃഷ്ണൻ | 26.04.2016 – 15.05.2016 |
| | ഡോ. ദീപ പി.ഡി | 16.05.2016- 12.08.2016 |
| | ഡോ.ഹരി. എൻ.ആർ | 13.08.2016 – 15.12.2016 |
| | ഡോ. ദീപ പി.ഡി | 16.12.2016 -31.03.2017 |
| സീനിയർ മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.പി.കെ.സുഹാസ് നാരായണൻ | 01.04.2016 – 31.03.2017 |
| പ്രധാന അദ്ധ്യാപികൻ | ശ്രീ.കെ.എം.ഗോപീദാസൻ | 01.04.2016 - 31.05.2016 |
| | ശ്രീമതി. ഗ്രേസ്സി | 03.06.2016 – 08.07.2016 |
| | ശ്രീമതി. ബീനാ ഭായി എൻ.ജി | 30.07.2016- 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. പാമി ടി. മാളിയേക്കൽ | 01.04.2016 - 10.12.2016 |
| | ഡോ.ജെറി തോമസ് | 10.12.2016 – 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാമചന്ദ്രൻ.കെ | 01.04.2016- 31.03.2017 |

## ഉള്ളടക്കം

## ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമപദ്ധതിമുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രികകൾ | 1-11 |

## ഭാഗം-II

**ഇല്ല.**

## ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആവർത്തന ചെലവുകൾക്ക് വികസനഫണ്ട് ചെലവഴിച്ചു – തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 2 | ഭവനപുനരുദ്ധാരണം- ഗുണഭോക്താവ് ആനുകൂല്യത്തിന് | 3-2 |

| | | |
|---|---|---|
| | അർഹയാണോയെന്ന കാര്യത്തിൽ വ്യക്തതയില്ല | |
| 3 | കക്കൂസ് നിർമ്മാണം-ശുചിത്വമിഷൻ വഴി കേന്ദ്രവിഹിതം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-3 |
| 4 | മരുന്നിന് മുൻകൂർ തുക നല്കി -4 മാസമായിട്ടും മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല-3,16,450 രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 5 | കെ.എസ്.ഇ.ബി -വാട്ടർ അതോറിറ്റി -2007-08 മുതൽ 2015-16 വരെയുള്ള കാലയളവിലെ ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിക്കാത്തത്. | 3-5 |
| 6 | മുൻകൂർ തുക നൽകി 4 മാസമായിട്ടും മരുന്നു ലഭ്യമായിട്ടില്ല-1,17,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 7 | വാർഷിക മരാമത്ത് പ്രവൃത്തികൾ മന്ദീഭവിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-7 |
| 8 | ഭാഗികമായ റോഡുപണികൾ ഒഴിവാക്കേണ്ടതാണ്. | 3-8 |

## ഭാഗം-IV

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസാക്കിയ നം./ തിയ്യതി | പുതുക്കിയത് |
|---|---|
| 01/16 തീയ്യതി 03.03.2016 | 08/17 തീയ്യതി 28.03.2017 |

# 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയ്യതി |
|---|---|---|
| 2016-17 | 31/7/2017 | 17/7/2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1)സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 57011848264 നമ്പർ അക്കൗണ്ട് പ്രകാരം 2371 രൂപ നീക്കിയിരിപ്പ് ഉണ്ട്. വാർദ്ധ്യക കാല പെൻഷൻ നല്കുന്നതിന് വേണ്ടി തുടങ്ങിയിട്ടുള്ള ഈ ബാങ്ക് അക്കൗണ്ടിൽ 2006 ന് ശേഷം ട്രാൻസാക്ഷനുകൾ നടത്തിയിട്ടില്ല. അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പ് തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)VPF-3 /PD code 61, (ബാങ്ക് ബുക്ക്- VPF A1-2 ,own) എന്ന പേരിലുള്ള ട്രഷറി അക്കൗണ്ടിൽ 31/3/2017 ൽ ബാങ്ക് ബുക്ക് പ്രകാരം 166 രൂപയും , ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 62,295 രൂപയും നീക്കിയിരിപ്പ് ഉണ്ട്. 25/9/2008 ലാണ് ഈ അക്കൗണ്ടിൽ അവസാന ട്രാൻസാക്ഷൻ നടന്നിട്ടുള്ളത്. ബാങ്ക് ബുക്ക്, പാസ്സ്ബുക്ക് തമ്മിലുള്ള വ്യത്യാസത്തിന് കാരണം കണ്ടെത്തി റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടുണ്ട്. റീകൺസീലിയേഷൻ പ്രകാരം

(എ)1996 ൽ ഇഷ്യു ചെയ്തതും എന്നാൽ നാളിതുവരെ കാഷ് ചെയ്യാത്തതുമായ ചെക്കുകൾ (13,770 രൂപ)

(ബി)1996 ൽ ട്രഷറിയിൽ നേരിട്ട്/തെറ്റായി ക്രെഡിറ്റ് വന്നത് (48,629 രൂപ)

(സി)2005 ൽട്രഷറിയിൽ നേരിട്ട്/തെറ്റായി ഡെബിറ്റ് വന്നത് (270രൂപ) എന്നിവയാണ് ബാങ്ക് ബുക്ക് ,പാസ്സ്ബുക്ക് നീക്കിയിരിപ്പുകൾ തമ്മിലുള്ള വ്യത്യാസത്തിന് കാരണം.

(എ) പ്രകാരമുള്ള തുകകൾ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 46 ,79അനുസരിച്ച് പഞ്ചായത്ത് ഫണ്ടി ലേയ്ക്ക് മുതൽ കൂട്ടേണ്ടതും ഇത് ക്രമീകരിച്ച ശേഷം ബാങ്ക് ബുക്ക് പ്രകാരം അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഈ അക്കൗണ്ട് തനത് ഫണ്ട് നിക്ഷേപിക്കുന്നതിനുള്ളതായിരുന്നുവെങ്കിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കേണ്ടുന്ന സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്കും പദ്ധതി വിഹിതം കൈകാര്യം ചെയ്യുന്നതിന് തുടങ്ങിയിട്ടുള്ള അക്കൗണ്ട് ആണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

3)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം "Investment – Co operative institution"എന്ന ശീർഷകത്തിൽ 9300 രൂപ 31/3/2017 ൽ നീക്കിയിരിപ്പുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ , പരിശോധിച്ചതിൽ നിന്നും ഇത്

"കൂർക്കഞ്ചേരി റീജിയണൽ ഇമിറ്റേഷൻ മാനുഫാക്ടേർസ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് .No.S.Ind(k) 208 , പി.ഒ കണിമംഗലം എന്ന സ്ഥാപനത്തിന്റെ 465 ഷെയറുകൾ (നമ്പർ 1തീയ്യതി 3/5/1978) 20 രൂപ നിരക്കിൽ വാങ്ങിയതാണെന്ന് കാണുന്നു. എന്നാൽ ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഷെയർ സർട്ടിഫിക്കറ്റ് ഓഫീസിൽ ലഭ്യമല്ല എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ഈ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ വല്ലച്ചിറ ശാഖയിലെ അക്കൗണ്ട് നമ്പർ 10569462942 ൽ 31/3/2017 ൽ 2,37,498.97 രൂപ നീക്കിയിരിപ്പുണ്ട്. ഇത് വികസനഫണ്ടിൽ നിന്നുംപിൻവലിക്കുന്ന തുക ഡി.ഡി ആക്കി മാറ്റുന്നതിന് തുടങ്ങിയ അക്കൗണ്ട് ആണെന്ന് കാണുന്നു. 28/12/2016 ലാണ് ഈ അക്കൗണ്ടിലെ അവസാനത്തെ ട്രാൻസാക്ഷൻ. നിലവിൽ തുക ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയതു വരുന്നതിനാൽ ഈ അക്കൗണ്ട് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി അക്കൗണ്ട് തീർപ്പാക്കുന്നതിനു് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

5)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം "460100101-ഫെസ്റ്റിവൽ അഡ്വാൻസ് "എന്ന ശീർഷകത്തിൽ 1000 രൂപ നെഗറ്റീവ് ബാലൻസ് ചേർത്തിരിക്കുന്നു. എന്നാൽ ശ്രീ.രതീഷ് വി എസ് , പി.ടി.എസ് ന് നല്കിയ ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ലഭിക്കാനുള്ളത് 5000 രൂപയാണ് യഥാർത്ഥത്തിൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി ഈ ശീർഷകത്തിൽ കാണിക്കേണ്ടിയിരുന്നത്. ഇതിന് പുറമേ ശ്രീ. പ്രദീപ് കുമാർ (എച്ച്.സി.) തൃക്കൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യവേ ആ പഞ്ചായത്തിൽ നിന്നും വാങ്ങിയ ഫെസ്റ്റിവൽ അഡ്വാൻസ് 6000 രൂപ, ഈ ഓഫീസിലെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയത്, ഈ ഓഫീസിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് തുക അനുവദിച്ചിട്ടില്ലാത്തതിനാലും, തൃക്കൂർ പഞ്ചായത്തിന് അടവാക്കാനുള്ള തുകയായതിനാലും, "ബാധ്യതാ" ശീർഷകത്തിലാണ് ചേർക്കേണ്ടിയിരുന്നത്. എന്നാൽ തെറ്റായി "ഫെസ്റ്റിവൽ അഡ്വാൻസ് റിക്കവറി" എന്ന ആസ്തി ശീർഷകത്തിൽ തന്നെ ഈ തുക വരവ് വച്ചതിനാൽ ശ്രീ.രതീഷ് വി എസ് , പി.ടി.എസ് ൽ നിന്ന് ഈടാക്കാനുള്ള 5000 രൂപയും, ശ്രീ. പ്രദീപ് കുമാർ (എച്ച്.സി.) ൽ നിന്നും പിരിച്ച 6000 രൂപ തെറ്റായി ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ചേർത്തതും ഉൾപ്പെടെ ഈ ശീർഷകത്തിൽ , 1000 രൂപ നെഗറ്റീവ് ബാലൻസ് നീക്കിയിരിപ്പായി ചേർത്തിരിക്കുന്നു.

എ)വാർഷിക കണക്കുകൾ കൃത്യമായ സാമ്പത്തിക നില പ്രതിഫലിപ്പിക്കുന്ന രീതിയൽ എൻട്രികൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
ബി)ശ്രീ.രതീഷ് വി എസ് , പി.ടി.എസ് ൽ നിന്നും ഫെസ്റ്റിവൽ മുൻകൂർ തിരിച്ച് പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)സഞ്ചയ സോഫ്റ്റ്‌വെയറി ൽ തയ്യാറാക്കിയ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ്, അഡ്വാൻസ് അഡ്ജസ്റ്റ്മന്റ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ)

| | വാർഷിക കണക്കുകൾ പ്രകാരം("സാംഖ്യ ") | ഡി.സി.ബി പത്രിക പ്രകാരം ("സഞ്ചയ") |
|---|---|---|
| കുടിശ്ശിക ഡിമാന്റ് | 8,18,956 | 13,52,825 |
| കുടിശ്ശിക കളക്ഷൻ | 9,03,707 | 9,03,707 |
| കുടിശ്ശിക ബാക്കി | 4,50,973 | 4,49,118 |

ബി)2015-16 ൽ "350410101-Advance collection of revenues- Property tax on residential buildings" എന്ന ശീർഷകത്തിൽ 84,586 രൂപയാണ് നീക്കിയിരിപ്പ് ഉണ്ടായിരുന്നത്. എന്നാൽ ഡി.സി.ബി പത്രിക പ്രകാരം അഡ്വാൻസ് കളക്ഷൻ നടത്തിയ 84,586 രൂപയേക്കാൾ കൂടുതലായ 2,27,321 രൂപ അഡ്വാൻസ് തുകയിൽ നിന്നും ബുക്ക് അഡ്ജസ്റ്റ്മന്റ് നടത്തിയിരിക്കുന്നു.

2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, രസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,19,685.40 |
| വരവ് | 3,64,27,733.00 |
| ആകെ | 5,32,47,418.40 |
| ചെലവ് | 3,57,69,418.00 |
| നീക്കിയിരിപ്പ് | 1,74,78,000.40 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് | ചെലവ്% |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 81,18,393 | 81,18,393 | 81,18,393 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 58,81,158 | 58,81,158 | 49,50,825 | 9,30,333 | 84.18 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 49,55,340 | 49,55,340 | 14,04,096 | 35,51,244 | 28.33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 26,51,658 | 26,51,658 | 18,450,88 | 8,06,570 | 69.58 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 45,53,158 | 45,53,158 | 15,75,909 | 29,77,249 | 34.61 |

| | | | | | | |
|---|---|---|---|---|---|---|
| ലോകബാങ്ക് സഹായം(സെൻട്രൽ) | 0 | 18,95,043 | 18,95,043 | 4,99,930 | 13,95,113 | 26.38 |
| ലോകബാങ്ക് സഹായം(സ്റ്റേറ്റ് ) | 0 | 6,26,652 | 6,26,652 | 0 | 6,26,652 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 112 | 3,79,62,291 | 64 | 2,36,63,649 | 45 | 3 | 57.14 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളിടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവഴിച്ച % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 3048491 | 2968536 | 97.38 |
| വെറ്ററിനറി സർജൻ | 3 | 3 | 1500400 | 1500300 | 99.99 |
| മെഡിക്കൽ ഓഫീസർ(PHC) | 5 | 3 | 6,00,000 | 5,01,737 | 83.62 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 1 | 6,50,000 | 6,00,000 | 92.31 |
| വി.ഇ.ഒ | 21 | 19 | 69,79,767 | 41,11,489 | 58.91 |
| ICDS സൂപ്പർവൈസർ | 7 | 5 | 46,24,977 | 33,39,152 | 72.2 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3,00,000 | 3,00,000 | 100 |
| സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 16 | 16 | 44,87,815 | 39,38,998 | 87.77 |
| അസി. എഞ്ചിനീയർ | 42 | 19 | 1,37,85,402 | 46,74,943 | 33.91 |
| പ്രധാന അദ്ധ്യാപകൻ | 8 | 7 | 19,85,439 | 17,28,494 | 87.06 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,16,907 | 33,13,408 | 8,96,501 | 37.09 |
| നികുതിയേതര വരവുകൾ | 5,85,679 | 5,53,922 | -31,757 | -5.42 |
| മറ്റുവരവുകൾ | 8,47,180 | 7,88,493 | -58,687 | -6.93 |
| ആകെ | 38,49,766 | 46,55,823 | 8,06,057 | 29.94 |

## 1-8 സാമൂഹ്യക്ഷേമപദ്ധതിമുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തനകം അംഗീകരിച്ചവ | നിരസിച്ചവ | കാലതാമസം ഉണ്ടെങ്കിൽ പരിഹാരമാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 11 | 7 | 4 | - |
| 2 | തൊഴിൽരഹിതവേതനം | 4 | 1 | 3 | - |
| 3 | വിധവാ പെൻഷൻ | 81 | 79 | 2 | - |
| 4 | വികലാംഗ പെൻഷൻ | 25 | 22 | 3 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 17 | 1 | - |

| | | | | | |
|---|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 437 | 359 | 78 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 15,352രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.17 | 2017ഏപ്രിൽ, മേയ് | 21.04.17 | ഇല്ല |
| അക്കൗണ്ടന്റ് ജനറൽ | 22.6.2009 | 1997-98മുതൽ 2003-04 വരെ | 22.06.09 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആവർത്തന ചെലവുകൾക്ക് വികസനഫണ്ട് ചെലവഴിച്ചു-തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്ടിന്റെ പേര് : വി.പി.എൻ കണക്ഷൻ / ബി ബി എൻ എൽ കണക്ഷൻ

പ്രൊജക്ട് നമ്പർ : S0062/17

ഫണ്ട് : വികസനഫണ്ട്, പൊതുവിഹിതം : (36,800/-), തനത് ഫണ്ട് : 5,000/-

അടങ്കൽ : 41,800/-

ചെലവ് : 11,916/-

എ) 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം. 04/2016/തസ്വഭവ തി. 11.01.2016, ഭാഗം 1, ഖണ്ഡിക 4.3 പ്രകാരം വികസനേതരചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അസാധാരണചെലവുകൾ എന്നിവ പദ്ധതിയുടെ ഭാഗമാക്കാവുന്നതല്ല. വി.പി.എൻ / ബ്രോഡ് ബാന്റ് കണക്ഷന് വേണ്ടി ബി.എസ്.എൻ.എല്ലിന് അടവാക്കുന്ന ബിൽ തുക വികസനഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് സർക്കാർ ഉത്തരവോ പ്രത്യേകാനുമതിയോ ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.11916/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) മേൽവിവരിച്ച പ്രൊജക്ടിൽ വികസനഫണ്ട് വകയിരുത്തിയതിൽ ആകെ 11,916/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ട്രഷറി ബിൽ നമ്പർ : 08/16-17 dt. 17.10.16). തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയ തുകയിൽ നിന്നും സുലേഖ ചെലവുപത്രിക പ്രകാരം ചെലവില്ല. എന്നാൽ, തനത്ഫണ്ടിൽ നിന്നും ടി

ആവശ്യത്തിന് 27,324/- രൂപ വൗച്ചർ നമ്പർ 21601096 dt. 22.03.17 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾക്ക് 2016-17 വർഷത്തിൽ തുക അനുവദിക്കാതിരുന്നതിനാൽ, പുതിയ പദ്ധതികൾക്കും സ്പിൽ ഓവർ പദ്ധതികൾക്കും വികസനഫണ്ടിൽ നിന്നു തന്നെ തുക ചെലവഴിക്കേണ്ടിവന്നതുമൂലം 2017 മാർച്ച് മാസത്തിൽ വികസനഫണ്ട് ലഭ്യമല്ലാതെ വന്നതുകാരണമാണ് തനത്ഫണ്ട് ചെലവഴിച്ചതെന്ന് ഇത് സംബന്ധിച്ചുള്ള 08/22.07.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, മേൽ പറഞ്ഞ ആവശ്യത്തിന് വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീകൂപ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഭവനപുനരുദ്ധാരണം- ഗുണഭോക്താവ് ആനുകൂല്യത്തിന് അർഹയാണോയെന്ന കാര്യത്തിൽ വ്യക്തതയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. ആറാട്ടുപുഴ സർക്കിൾ
പ്രൊജക്ടിന്റെ പേര് : ഭവനപുനരുദ്ധാരണം
പ്രൊജക്ട് നമ്പർ : S0092/17
ഫണ്ട് : എസ്.സി.പി
അടങ്കൽ : 6,50,000/-
ചെലവ് : 2,10,000/-

മേൽവിവരിച്ച പ്രൊജക്ടിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച ശ്രീമതി.ബിന്ദു, w/o ശശി, പുതിയകത്ത് / കുന്നത്ത്പറമ്പിൽ വീട്, ആറാട്ടുപുഴ എന്ന ഗുണഭോക്താവിന് 2007-08 വർഷത്തിൽ പട്ടികജാതിവികസന വകുപ്പിൽ നിന്നും ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്. 19.01.2017 ലെ 161/17/ തസ്വഭവ, 23.01.17 ലെ 192/17/തസ്വഭവ നമ്പർ ഉത്തരവുകളിൽ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്താൽ നിർമ്മിച്ച, പണി പൂർത്തിയായി 8 വർഷം കഴിഞ്ഞ വീടുകൾക്ക് മാനദണ്ഡങ്ങളനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു' എന്നാണ് പറഞ്ഞിട്ടുള്ളത്. മേൽപറഞ്ഞ ഗുണഭോക്താവിന്റെ പുതിയ ഭവനത്തിന്റെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ എന്നിവയിൽ കാലികമാക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ, ടി ഭവനത്തിന്റെ പണി പൂർത്തിയാക്കി എട്ട് വർഷം കഴിഞ്ഞിട്ടുണ്ടോയെന്ന് നിർണ്ണയിക്കുന്നതിന് സാധിച്ചിട്ടില്ല. മാത്രമല്ല, ടി ഭവനത്തിന്റെ നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്നാണ് ധനസഹായം ലഭിച്ചിട്ടുള്ളത്;

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നല്ല. ഇത്തരം ഭവനങ്ങൾക്ക് പണി പൂർത്തിയാക്കി 8 വർഷം കഴിഞ്ഞാൽ പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കാമോയെന്ന കാര്യം വ്യക്തമല്ല. ഇക്കാര്യത്തിൽ, സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടാവുന്നതാണ്. ഭവനപുനരുദ്ധാരണത്തിന്റെ അപേക്ഷകൾ അസ്സസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും ഗ്രാമപഞ്ചായത്തിലെ വിവരങ്ങളിൽ അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതുമാണ്. ടി ഗുണഭോക്താവ് പുനരുദ്ധാരണത്തിന് മുൻകൂറായി 10000/-രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ( ട്രഷറി ബിൽ നമ്പർ : 14/16-17 dt. 20.03.17, ആകെ ബിൽ തുക- 1,15,000/-) ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 06/22.07.17 നുള്ള മറുപടി). മുൻകൂറായി കൈപ്പറ്റിയ ധനസഹായം ടി ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ലെങ്കിൽ പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കക്കൂസ് നിർമ്മാണം- ശുചിത്വമിഷൻ വഴി കേന്ദ്രവിഹിതം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. വല്ലച്ചിറ സർക്കിൾ

പ്രൊജക്ടിന്റെ പേര് : കക്കൂസ് നിർമ്മാണം

പ്രൊജക്ട് നമ്പർ : S0098/17

ഫണ്ട് : ധനകാര്യകമ്മീഷൻ ഗ്രാന്റ്

അടങ്കൽ : 2,15,600/-

ചെലവ് : 1,84,800/-

ട്രഷറി ബിൽ നമ്പർ : 12/16-17 dt. 30.03.17, തുക – 1,69,400/-

ട്രഷറി ബിൽ നമ്പർ : 17/16-17 dt. 30.03.17 തുക – 15,400/-

സ.ഉ.(സാധാ)നം. 2235/2016/തസ്വഭവ തി. 25.07.16, ഖണ്ഡിക (viii) പ്രകാരം കക്കൂസ് നിർമ്മാണത്തിന് മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വമിഷൻ മുഖേന കേന്ദ്രവിഹിതം ലഭിക്കുമ്പോൾ ആയത് അധികവിഭവമായി

വികസനപ്രൊജക്ടുകൾക്ക് ചെലവുചെയ്യാവുന്നതാണ്. 2016-17 വർഷം മേൽവിവരിച്ച പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്കാണ് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്. ആയതുപ്രകാരം 1,44,000/- രൂപ (12 x 12,000/-) കേന്ദ്രവിഹിതം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അർഹതയുണ്ട്. കേന്ദ്രസഹായം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മരുന്നിന് മുൻകൂർ തുക നല്കി -4 മാസമായിട്ടും മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല-3,16,450 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-107/17 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ
നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദം)
എ)തുക നല്കിയതിന്റെ വിശദാംശങ്ങൾ

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | കൈപ്പറ്റ് രസീത് | തീയ്യതി |
|---|---|---|---|---|
| 3 | 16/2/17 | 2,65,200 | 1077/4286 | 21/4/17 |
| 4 | 16/2/17 | 3,34,800 | 1077/4287 | 21/4/17 |
| | | 6,00,000 | | |

ബി)മരുന്ന് സപ്ലൈ ചെയ്തതിന്റെ വിശദാംശങ്ങൾ

| ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|
| 90019314 | 20/5/17 | 1,35,756 |
| 90019234 | 20/5/17 | 1,47,794 |
| | | 2,83,550 |

മേൽ പ്രോജക്ട് പ്രകാരം മരുന്ന് സപ്ലൈ ചെയ്യുന്നതിലേയ്ക്കായി "ഔഷധി " യ്ക്ക് 16/2/2017 ൽ 6,00,000 രൂപ മുൻകൂർ തുക നൽകുകയും എന്നാൽ നാളിതു വരെ 2,83,550 രൂപയുടെ മരുന്നു് മാത്രം ഔഷധി ലഭ്യമാക്കുകയും ചെയ്തു.തുക നൽകി 60ദിവസത്തിനകം മരുന്ന് വിതരണം ചെയ്യുമെന്ന് ഇത് സംബന്ധിച്ചുള്ള കരാറിൽ വ്യവസ്ഥ ഉണ്ടെങ്കിലും 16/2/17 ന് നൽകിയ തുകയ്ക്ക് 21/4/17 തീയ്യതി യായുള്ള രസീത് ആണ് ഔഷധി നൽകിയത്. കരാർപ്രകാരമുള്ള കാലാവധിയ്ക്കുള്ളിൽ മരുന്ന് സപ്ലൈ ചെയ്യാത്ത സ്ഥാപനത്തിനെതിരെ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള

അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിലയായ 3,16,450(6,00,000-2,83,550)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി-4 തീ 22/7/2017)

## 3-5 കെ.എസ്.ഇ.ബി -വാട്ടർ അതോറിറ്റി -2007-08 മുതൽ 2015-16 വരെയുള്ള കാലയളവിലെ ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിക്കാത്തത്.

എ)ബാലൻസ്ഷീറ്റ് ,ഷെഡ്യൂൾ 460500202-Advance to implementing agencies- Deposit with kerala electricity board എന്ന് ശീർഷകത്തിൽ 31/3/2017 ൽ 12,04,356 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈ തുകയുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ക്രം നം. | സാമ്പത്തിക വർഷം | പ്രവർത്തികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2010-11 | 2 | 5,21,200 |
| 2 | 2014-15 | 1 | 1,00,674 |
| 3 | 2015-16 | 1 | 30,344 |
| 4 | 2016-17 | 2 | 5,52,138 |
| | ആകെ | 6 | 12,04,356 |

ബി)ബാലൻസ്ഷീറ്റ് ,ഷെഡ്യൂൾ 460500201-Advance to implementing agencies- Deposit with kerala water authority എന്ന് ശീർഷകത്തിൽ 31/3/2017 ൽ 6,90,000 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈ തുകയുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സാമ്പത്തിക വർഷം | പ്രവർത്തികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2007-08 | 1 | 10,632 |
| 2 | 2009-10 | 1 | 14,368 |
| 3 | 2014-15 | 2 | 1,44,000 |
| 4 | 2015-16 | 2 | 5,21,000 |
| | ആകെ | 6 | 6,90,000 |

2007-08 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഡെപ്പോസിറ്റ് ചെയതിട്ടും നാളിതുവരെ പണി പൂർത്തീകരിക്കാത്ത സംഗതികളിൽ കരാർ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മുൻകൂർ തുക നൽകി 4 മാസമായിട്ടും മരുന്നു ലഭ്യമായിട്ടില്ല-1,17,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-086/17പെയിൻ & പാലിയേറ്റീവ്

പ്രോജക്ട്-088/17 സമഗ്ര ആരോഗ്യ പദ്ധതി.
നിർവ്വഹണം- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | പ്രോജക്ട് നമ്പർ | പ്രോജക്ട് |
|---|---|---|---|---|
| 9/16-17 | 16/2/17 | 87,000 | 086/17 | പെയിൻ & പാലിയേറ്റീവ് |
| 4 | 16/2/17 | 30,000 | 088/17 | സമഗ്ര ആരോഗ്യ പദ്ധതി. |
| | | 1,17,000 | | |

മേൽ പ്രോജക്ടുകൾ പ്രകാരം മരുന്ന് സപ്ലൈ ചെയ്യുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് ന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ മരുന്നുകൾ ലഭ്യമാക്കിയില്ല. എന്നാൽ മരുന്ന് വിതരണം ചെയ്യുന്നതിന് മുൻകുർ തുക നൽകിയപ്പോൾ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്ന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിയ്ക്കുന്നത് വരെ മുൻകൂർ നൽകിയ തുക 1,17,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 വാർഷിക മരാമത്ത് പ്രവൃത്തികൾ മന്ദീഭവിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആകെ 13785402/- രൂപ അടങ്കലിൽ 42 മരാമത്തു പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 19 പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ചെലവ് ആകെ 4674943/- രൂപയും ആയവയിൽ തന്നെ മൂന്നെണ്ണം (അംഗൻവാടികളുടെ മെയിന്റനൻസ് - പ്രോജക്ട് നം. 82/17, കമ്മ്യൂണിറ്റി ഹാൾ ഡ്രെയിനേജ് നിർമ്മാണം - പ്രോജക്ട് നം. 83/17, സ്കൂളുകളിൽ ടോയ് ലെറ്റ് നിർമ്മാണം - പ്രോജക്ട് നം. 84/17) പൂർത്തീകരിച്ചിട്ടുമില്ല. ആകെ ആസൂത്രണം ചെയ്ത റോഡ് പണികൾ 32 എണ്ണവും നടപ്പാക്കിയത് 13 എണ്ണവും.

ജനകീയാസൂത്രണ സംവിധാനത്തിനു കീഴിലുള്ള നിർമ്മാണ പദ്ധതികൾക്കായി ആകെ വകയിരുത്തിയ തുകയുടെ 34 ശതമാനത്തോളവും ലോകബാങ്ക് സഹായത്തിന്റെ 6 ശതമാനത്തോളവും റോഡ് മെയിന്റനൻസിന്റെ 26 ശതമാനത്തോളവും മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. നിർമ്മാണ പദ്ധതികളുടെ നിർവ്വഹണം ഗണ്യമായി മന്ദീഭവിച്ചുവെന്നാണ് മേൽവിവരങ്ങളിൽ നിന്ന് വ്യക്തമാവുന്നത്. ആയതിന് മതിയായ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ(നം.1/19.07.17)ത്തിനുള്ള മറുപടിയിൽ റീടെന്ററിംഗ് വേണ്ടിവന്നതിനാൽ ടെന്റർ നടപടികൾ പൂർത്തിയായത് 27.03.17ൽ മാത്രമാണെന്നും, ബിറ്റുമിൻ, എമൾഷൻ എന്നിവ വാങ്ങി നൽകുന്നതിന് എഗ്രിമെന്റ് വയ്ക്കാനും ആയവ ലഭിക്കാനും കാലതാമസമുണ്ടായി എന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം നൽകിയിട്ടുണ്ട്. മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണ രീതിയിൽ അടിസ്ഥാനപരമായ സാങ്കേതികമാറ്റം നിർദ്ദേശിക്കപ്പെട്ട സാമ്പത്തിക വർഷം എന്ന നിലയിൽ മേൽവിശദീകരണം തൃപ്തികരമാണെങ്കിലും വർഷാവർഷമുള്ള അടിയന്തിര ചുമതലകളുടെ ഭാഗമെന്ന നിലയിൽ റോഡു സംരക്ഷണവും മറ്റ് മരാമത്തു പണികളും കാര്യക്ഷമമായി നടപ്പിലാക്കാൻ ഭരണസമിതിയും നിർവ്വഹണ അധികാരികളും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-8 ഭാഗികമായ റോഡുപണികൾ ഒഴിവാക്കേണ്ടതാണ്.

വർഷാവർഷം ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതികളെന്ന നിലയിൽ ജനകീയാസൂത്രണ മരാമത്തു പ്രോജക്ടുകൾ ഭാഗികമായും നിരവധി ചെറു കഷണങ്ങളായും നടപ്പാക്കുന്നത് നിരുത്തരവാദപരവും അധിക ചെലവുകൾക്ക് വഴിവയ്ക്കുന്നതുമാണ്. തൻവർഷം ചുവടെ പറയുന്ന റോഡ് പ്രവൃത്തികൾ ഭാഗികമോ, ഘട്ടംഘട്ടമോ ആയി നിർവ്വഹിച്ചുകാണുന്നു.

1) വല്ലച്ചിറ-എളങ്കുന്ന് റോഡ് റീടാറിംഗ് (പ്രോജക്ട് നം. 34/17), വല്ലച്ചിറ-എളങ്കുന്ന് റോഡ് റീടാറിംഗ് പൂർത്തീകരണം (പ്രോജക്ട് നം. 38/17) എന്നിങ്ങനെ ഒരേ റോഡിന്റെ റീടാറിംഗ് രണ്ടു പദ്ധതിയായി നടപ്പാക്കിയിരിക്കുന്നു. ആകെ 222 മീറ്റർ നീളമുള്ള റോഡിന്റെ 182 മീറ്റർ ഒരു പദ്ധതിയായും (34/17) ബാക്കി 40 മീറ്റർ മറ്റൊരു പദ്ധതിയായും (38/17) നടപ്പാക്കിയിരിക്കുന്നു.

2) 46-ാം നമ്പർ അംഗൻവാടി റോഡിന്റെ ആകെ നീളം 150 മീറ്ററാണ്. എന്നാൽ 110 മീറ്റർ മെറ്റലിംഗ് മാത്രമാണ് പ്രോജക്ട് നം. 33/17 പ്രകാരം നടപ്പാക്കിയിരിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഭാഗിക പ്രവൃത്തി മാത്രമായി പരിഗണിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആസൂത്രണം ചെയ്ത് ഫണ്ട് വകയിരുത്തിയ പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതിരിക്കെ, ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് ചെറിയ റോഡുകളുടെപോലും പണി ഭാഗികമായി ചെയ്യേണ്ടിവരുന്നതെന്ന ന്യായം അംഗീകരിക്കാനാവില്ല.

ഓഡിറ്റ് അന്വേഷണ(2/19.07.17)ത്തിനുള്ള മറുപടിയിലും ഫണ്ടിന്റെ അപര്യാപ്തതയെക്കുറിച്ചുതന്നെയാണ് മുഖ്യമായും സൂചിപ്പിച്ചിരിക്കുന്നത്. മറുപടി ഭാഗികമാണ്. റോഡുകളുടെ മുഴുവൻ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ടെന്റർ ചെയ്ത് നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25,000 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്.എസ്-0051/17 | 25,000 | 0 |
| | 5,00,000 | എസ്.സി കോളനിയിലെ തെരുവ് വിളക്ക് എൽ.ഇ.ഡി ആക്കുന്നതിന് സ്ട്രീറ്റ് മെയിൻവലിക്കൽ എസ്-0136/17 | 5,00,000 | 0 |
| | 2,00,000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി | 2,00,000 | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 90,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി എസ് .0056/17 | 90,000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെപേര് | വൗച്ചർനമ്പർ/ ചെക്ക് നം. | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എസ്.ഒ-0136/17 -എസ്.സി കോളനിയിലെ തെരുവ് വിളക്ക് എൽ.ഇ.ഡി ആക്കുന്നതിന് സട്രീറ്റ് മെയിൻ വലിക്കൽ | 21601206 21601221 | 5,52,138 | ഇല്ല. | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

ഇല്ല

## 4-4 (i)വായ്പ/ വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii)വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനവായ്പ | 61655/ ഡി.ബി1/09/ ത.സ്വ.ഭ.വ തീ 28-10-09 | 58,93,300 | 9,13,768 | 9,13,768 | | ബാക്കിയുള്ള തുക ഇല്ല. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9300 |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | 9300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9300 |

(2016-17)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| Koorkkenchery regional Imitation Diamond manufactures Industrial Co-operative Society ,fully paid up shares 465 nos @20 each | 9300 | 001/3-05-1978 |

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| ഖണ്ഡിക നം | | | |
|---|---|---|---|
| 2002-03<br>3-14A | 2006-07<br>3.53.1 | വല്ലച്ചിറ മിനി സ്റ്റേഡിയം പദ്ധതി | പണി പൂർത്തീകരിച്ച് 25/06/2003 ന് മൊബിലൈസേഷൻ അഡ്വാൻസ് 29000 രൂപ കിഴിച്ച് ബാക്കി വരുന്ന സംഖ്യ ഉൾപ്പെടുത്തി ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട് |
| 2002-03<br>3-14A | 2006-07<br>3.53.1 | പടിഞ്ഞാറേ ചിറ കോളനി ലിഫ്റ്റ് പദ്ധതി | പണി പൂർത്തീകരിച്ച് 27/07/2003 ന് മൊബിലൈസേഷൻ അഡ്വാൻസ് 14500 രൂപ കുറവ് ചെയ്തും ബന്ധപ്പെട്ട ടാക്സുകൾ കുറവു ചെയ്തും ബാക്കി വരുന്ന സംഖ്യ ഉൾപ്പെടുത്തി ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. |
| 2003-04<br>3-2 | 2006-07<br>3.53.3 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് അടവാക്കിയതിന് | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19/12/2009 ലെ 599/09 നമ്പർ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് A-578/06 നമ്പറായി 02/02/2010 ൽ സാധൂകരണത്തിനായി അപേക്ഷിച്ചിട്ടുണ്ട്. |
| 2003-04<br>3-11(1) | 2006-07<br>3.53.3 | കമ്മ്യൂണിറ്റി ഹാളിലേക്ക് കർട്ടൻ, പാത്രങ്ങൾ, ഫർണീച്ചർ എന്നിവ പർച്ചേസ് ചെയ്യുന്നതിന് 45000 രൂപ കോസ്റ്റ് ഫോർഡിന്റെ ഏൽപ്പിച്ചത | കോസ്റ്റ് ഫോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | സംബന്ധിച്ച്- ധനവിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | |
| 2003-04 3-11(2) | 2006-07 3.53.4 | പട്ടികജാതി വനിതാ തൊഴിലുറപ്പു പദ്ധതി- കോസ്റ്റ് ഫോർഡിന് 210000 രൂപ നൽകിയതു സംബന്ധിച്ച്- ധനവിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | കോസ്റ്റ്ഫോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 2003-04 3-11(3) | 2006-07 3.53.4 | കമ്പ്യൂട്ടർ ഹാർഡ് വെയർ എന്ന പ്രവൃത്തി ചെയ്യുന്നതിനായി 413820 രൂപ നൽകിയത് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് - സംബന്ധിച്ച് | കോസ്റ്റ്ഫോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 2003-04 3-11(4) | 2006-07 3.53.4 | വനിതാ കാന്റീൻ നി ർമ്മാണം -63867 രൂപ – പൂർത്തീകരണ സാക്ഷ്യപത്രം സംബന്ധിച്ച് | കോസ്റ്റ്ഫോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 2003-04 3-(1) | 2006-07 3.53.5 | ഉയർന്ന വീട്ടുവാടക ബത്ത് അംഗീകരിക്കുന്നില്ല | മുഴുവൻ സംഖ്യയും ജീവനക്കാരിൽ നിന്നും ഈടാക്കി. |
| 2003-04 3-(1) | 2006-07 3.53.5 | ഉയർന്ന വീട്ടുവാടക ബത്ത് അംഗീകരിക്കുന്നില്ല. | പ്യൂണായി ജോലി ചെയ്തിരുന്ന ശ്രീ. അയ്യപ്പൻ എന്നിവരിൽ നിന്നും 678രൂപ ഈടാക്കാനുണ്ട്.മറ്റ് മുഴുവൻ സംഖ്യയും ജീവനക്കാരിൽ നിന്നും ഈടാക്കി |

## 4-8 ആശുപത്രി വികസന സമിതിയുടെ കണക്കുകൾ

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികയുടെടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം/ തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്ക് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | വല്ലച്ചിറ പ്രാഥമിക ആരോഗ്യ കേന്ദ്രം | 31/03/2013 | 2013-14 മുതൽ 2015-16 വരെ | 25.08.2016 | ഇല്ല | പുറപ്പെടു വിച്ചിട്ടില്ല | ഇല്ല | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,64,27,733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,57,69,418 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,45,366 |

## ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

## ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

## സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,916 | പി ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 3-4 | 3,16,450 | ഡോ. പി.കെ സുഹാസ് നാരായൺ |
| 3-6 | 1,17,000 | ഡോ. ദീപ പി.ഡി. |
| | 4,45,366 | |

## സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

## ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

**<u>മേൽവിലാസങ്ങൾ</u>**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

<table>
<tr><th>വർഷം</th><th>ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം</th><th>തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം</th><th>റിമാർക്ക്</th></tr>
<tr><td>1980-81</td><td rowspan="9">എൽ.എഫ്.ടി.എസ്(2)-769/11/26.7.11/11.8.11</td><td>1</td><td></td></tr>
<tr><td>1981-82</td><td>1</td><td></td></tr>
<tr><td>1983-84</td><td>1</td><td></td></tr>
<tr><td>1984-85</td><td>6</td><td></td></tr>
<tr><td>1985-86</td><td>1</td><td></td></tr>
<tr><td>1986-87, 87-88</td><td>1</td><td></td></tr>
<tr><td>1988-89</td><td rowspan="3">15</td><td></td></tr>
<tr><td>1989-90</td><td></td></tr>
<tr><td>1990-91</td><td></td></tr>
<tr><td>1991-92</td><td>എൽ.എഫ്.ടി-12-1373/93 തിയതി 06.12.94</td><td></td><td></td></tr>
<tr><td>1999-2000</td><td>എൽ.എഫ്.ടി-8-30/01 തിയതി 03.08.2001</td><td></td><td></td></tr>
</table>

| | | | |
|---|---|---|---|
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി-15-1333/03 | | |
| 2000-01 വരവ് | എൽ.എഫ്.ടി-15-1878/04 തിയതി 20.09.05 | | |
| 2001-02 | എൽ.എഫ്.ടി-15-1126/05 തിയതി 09.01.06/07.04.06 | | |
| 2002-03 | എൽ.എഫ്.ടി-15-1125/05 | | |
| 2003-04 | എൽ.എഫ്.ടി-15-259/06 തിയതി 13.09.06 | | |
| 2004-05 | എൽ.എഫ്.ടി-15-2109/06 തിയതി 30.01.07/07.09.07 | | |
| 2005-06 | എൽ.എഫ്.ടി-15-488/10 തിയതി 16.09.10/11.03.11 | | |
| 2007-08 | എൽ.എഫ്.ടി(പി.2)310/12 തിയതി 30.04.12 | | |
| 2008-09 | എൽ.എഫ്.ടി(പി.2)311/12 തിയതി 30.04.12 | | |
| 2009-10 | എൽ.എഫ്.ടി(പി.2)312/12 തിയതി 30.04.12 | | |
| 2010-11 | എൽ.എഫ്.ടി(പി.2)313/12 തിയതി 15.09.12/08.08.12 | | |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.ടി(പി.2)228/13 തിയതി 05.07.13/15.10.13 | | |
| 2012-13 | എൽ.എഫ്.ടി(പി.2)86/14 തിയതി 16.04.14/16.07.14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി.2)-189/15 തിയതി 11.06.15/03.09.15 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി.2)-693/16 തിയതി 24.05.16 | | |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)1937/2016 തീയതി: 10.11.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി2)1213/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി:29.072017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **വല്ച്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ** 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ** 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P2)1213/2017

Office of the Joint Director of

Kerala State Audit Department
District Audit Office
Thrissur - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
Dated:29.07.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vallachira Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vallachira Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur